(ബി) ഈ പദ്ധതിയുടെ നടത്തിപ്പിനായി മതിയായ ജീവനക്കാരെ നിയമിക്കുന്നതിനും ഈ പദ്ധതിയെക്കുറിച്ച് കൂടുതൽ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും എന്തൊക്കെ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇല്ല

(ബി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പിനായി ഭരണചെലവിനത്തിൽ ആകെ ചെലവഴിക്കുന്ന തുകയുടെ 6% മാത്രമേ ചെലവാക്കാൻ കഴിയുകയുള്ളൂ. പദ്ധതി നടത്തിപ്പിനായി എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഒരു അക്കൗണ്ടന്റ് കം ഡേറ്റാ എൻട്രി ഓപ്പറേറ്ററേയും ഒരു അസിസ്റ്റന്റ് എഞ്ചിനീയർ/ഓവർസിയറെയും കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ഒരു കോടിയിലധികം രൂപ ചെലവഴിക്കുന്ന ഗ്രാമപഞ്ചായത്തുകളിൽ കൂടുതലായി ഒരു എഞ്ചിനീയർ/ഓവർസിയറേയും കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ഇപ്രകാരമുള്ള പഞ്ചായത്തുകളിൽ ഒരു അക്കൗണ്ടന്റ് കം ഡേറ്റാ എൻട്രി ഓപ്പറേറ്ററെ അധികമായി ദിവസ വേതനത്തിൽ നിയമിക്കുവാൻ അനുവാദം നൽകിയിട്ടുണ്ട്. 16 ബ്ലോക്ക് പഞ്ചായത്തുകളിൽ പ്രത്യേക ചുമതലയുള്ള ബ്ലോക്ക്പ്രോഗ്രാം ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. മതിയായ ഭരണചെലവിനുള്ള തുക ലഭ്യമാകുന്ന 49 ബ്ലോക്ക് പഞ്ചായത്തുകളിൽ കൂടി പ്രത്യേക ചുമതലയുള്ള ബ്ലോക്ക് പ്രോഗ്രാം ഓഫീസറെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പദ്ധതിയെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നതിന് കൈപുസ്തകങ്ങൾ, ബ്രോഷറുകൾ, നോട്ടീസ്, ചുവരെഴുത്ത്, ദൃശ്യശ്രവ്യ മാധ്യമങ്ങളിൽ കൂടിയുള്ള പ്രചരണ പ്രവർത്തനങ്ങൾ എന്നിവ നടത്തിയിട്ടുണ്ട്.

തൊഴിലുറപ്പ് പദ്ധതി ഫണ്ട് ഉപയോഗിക്കാത്ത ജില്ലകൾ

179 (1828) ശ്രീ. പി. സി. വിഷ്ണുനാഥ് :

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സഹായത്തോടെ നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ അനുവദിച്ച തുകയുടെ 60% ചെലവഴിക്കാൻ കഴിയാത്ത എത്ര ജില്ലകളാണുള്ളത് ;

(ബി) ഇവയുടെ ഈ വർഷത്തെ ഫണ്ട് അനുവദിക്കുന്നതിൽ എന്തൊക്കെ പ്രായോഗിക ബുദ്ധിമുട്ടുകളാണുള്ളത് ?

ഉത്തരം

(എ) എല്ലാ ജില്ലകളും അനുവദിച്ച തുകയുടെ 60%-ൽ കൂടുതൽ ചെലവഴിച്ചിട്ടുണ്ട്.

(ബി) ഈ വർഷത്തെ രണ്ടാം ഗഡു ഫണ്ട് അനുവദിക്കുന്നതിൽ പല ജില്ലകളിലും കാലതാമസമുണ്ടാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly